തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബിജോൺ):

(എ) വിവിധ മേഖലയിൽ നൈപുണ്യവികസന കേന്ദ്രങ്ങൾ തുടങ്ങുന്നതിലേയ്ക്കായി 28-3-2012-ൽ കേരള അക്കാദമി ഫോർ സ്കിൽഡ് എക്സലൻസ് (KASE) എന്ന പേരിൽ സർക്കാർ ഉടമസ്ഥതയിലുള്ള ഒരു സെക്ഷൻ 25 കമ്പനി സ്ഥാപിച്ചു. ആധുനികലോകത്തെ വിവിധ മേഖലകൾക്കനുസൃതമായി, ശാസ്ത്രീയമായി തയ്യാറാക്കിയ പ്രത്യേക പരിശീലന പദ്ധതികളിലൂടെ തീവ്രപരിശീലനം നൽകി അതിവിദഗ്ദ്ധ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുകയെന്നതാണ് KASE-ന്റെ പ്രധാന ലക്ഷ്യം.

(ബി) ഇന്റർനാഷണൽ സ്കിൽസ് പാർക്ക് തുടങ്ങുന്നതിനായി അങ്കമാലിയിലെ ഇൻകലിൽ കെട്ടിടം ലീസ് വ്യവസ്ഥയിൽ എടുത്തിട്ടുണ്ട്. ഇവിടെ ഹൈടെക് ഓട്ടോമേഷൻ മെക്കാട്രോണിക്സ്, ഓയിൽ & റിഗ്, റീട്ടെയിൽ, സെക്യൂരിറ്റി, ഹോസ്പിറ്റാലിറ്റി തുടങ്ങിയ മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുന്നതാണ്. കൂടാതെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ & കൺസൾട്ടേഷൻ (IIIC) സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. നഴ്സിംഗ് മേഖലയിൽ മികവിന്റെ കേന്ദ്രം തുടങ്ങുന്നതിനു പങ്കാളിയെ കണ്ടെത്തി ധാരണാപത്രത്തിൽ ഒപ്പു വയ്ക്കുകയും തിരുവനന്തപുരം കിൻഫ്രയിൽ കെട്ടിടം എടുക്കുകയും തുടർന്നുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുകയും ചെയ്യുന്നു. ആദ്യ ബാച്ചിന്റെ പരിശീലനം ഉടൻതന്നെ ആരംഭിക്കുന്നതാണ്. ഏവിയേഷൻ അക്കാദമി സ്ഥാപിക്കുന്നതിന് പങ്കാളിയെ കണ്ടെത്തുകയും തിരുവനന്തപുരം ടെക്നോസിറ്റിയിൽ 5 ഏക്കർ സ്ഥലം മാറ്റി വയ്ക്കുകയും തുടർന്നുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുകയും ചെയ്യുന്നു.

(സി) ഹൈടെക് ഓട്ടോമേഷൻ & മെക്കാട്രോണിക്സ്, ഓയിൽ & റിഗ്, റീട്ടെയിൽ, സെക്യൂരിറ്റി, കൺസൾട്ടേഷൻ, നഴ്സിംഗ്, വ്യോമയാനം, ടൂറിസം, ഓട്ടോമൊബൈൽ, ഹോസ്പിറ്റാലിറ്റി തുടങ്ങിയ മേഖലകളിൽ നൈപുണ്യവികസന കേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

പ്ലേയിസ്മെന്റ് പോർട്ടൽവഴി തൊഴിലവസരങ്ങൾ

25 (*85) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ലേയിസ്മെന്റ് പോർട്ടൽവഴി തൊഴിലവസരങ്ങൾ കണ്ടെത്തുന്ന പദ്ധതി ഐ.റ്റി.ഐ.-കളിൽ നടപ്പാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിന് പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത് ;

(ഡി) സംസ്ഥാനത്തെ എല്ലാ ഐ.റ്റി.ഐ.-കളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബിജോൺ) :

(എ) നടപ്പിലാക്കിയിട്ടുണ്ട്. www.skilljobs.kerala.gov.in എന്ന ജോബ് പോർട്ടൽ ആരംഭിച്ചിട്ടുണ്ട്.

(ബി) പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നവരുടെ വിവരങ്ങൾ തൊഴിൽദായകർക്ക് സൗകര്യപ്രദമായ രീതിയിൽ ലഭ്യമാക്കുന്ന തരത്തിലാണ് ഇത് സംവിധാനം ചെയ്തിട്ടുള്ളത്. പരിശീലനം നേടിയവർക്ക് അനുയോജ്യമായ തരത്തിലുള്ള തൊഴിൽ ലഭ്യമാക്കുന്നതിന് അവസരമൊരുക്കി തൊഴിലില്ലായ്മ ഒരു പരിധിവരെ പരിഹാരം കാണുന്നതിന് ഈ പദ്ധതി സഹായകരമാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഈ പോർട്ടലിൽ ഏതൊരു ഐ.റ്റി.ഐ. സർട്ടിഫിക്കറ്റുകാർക്കും സൗജന്യമായി പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. കാലാകാലങ്ങളിൽ ഇവർ ആർജ്ജിക്കുന്ന അധിക സ്കിൽ/വിദ്യാഭ്യാസ യോഗ്യതകളും ഇതിനൊപ്പം കൂട്ടി ചേർക്കുന്നതിനുള്ള അവസരവും ഉണ്ട്. തൊഴിൽ ദാതാക്കൾക്കും ഈ പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നതിനും അവരുടെ സ്കിൽ ആവശ്യകത വ്യക്തമാക്കുന്നതിനും സംവിധാനമുണ്ട്. തൊഴിൽ ദാതാക്കളെയും തൊഴിൽ അന്വേഷകരെയും ഇടനിലക്കാരുടെ സഹായമില്ലാതെ പരസ്പരം ബന്ധിപ്പിക്കുന്ന കണ്ണിയായി വളരെ പ്രധാനപ്പെട്ട സേവനം ജോബ് പോർട്ടലിലൂടെ ലഭ്യമാകും.

(ഡി) ഈ പദ്ധതി പ്രത്യേകിച്ച് ഓരോ ഐ.റ്റി.ഐ.കളിലും നടപ്പാക്കേണ്ട ആവശ്യമില്ല. കമ്പ്യൂട്ടറും ഇന്റർനെറ്റ് സൗകര്യവും ലഭ്യമായ എവിടെ നിന്നും ഈ പോർട്ടലിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതും തൊഴിൽ വിവരം അറിയാവുന്നതുമാണ്. എല്ലാ ഐ.റ്റി.ഐ.-കളിലും ഈ പോർട്ടലിനെപ്പറ്റി അറിവും വിവരവും നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly